"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല - വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് - ക്ലർക്ക് - ശ്രീമതി. പ്രസീത പി ടി - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2285/2025/LSGD തീയതി,തിരുവനന്തപുരം, 21-09-2025

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 20.02.2025ലെ LSGD/JD/EKM/6764/2024-B2 നമ്പർ നടപടിക്രമം
2. തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 26.08.2024ലെ LSGD/JD/EKM/6764/2024-B2 നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.06.2025ലെ LSGD/PD/14170/2025-DEC3 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി. പ്രസീത പി ടി -യുടെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് 30.08.2019 മുതൽ 05.05.2024വരെ ദീർ ഘിപ്പിക്കുന്നതിനുള്ള ശിപാർശ പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2.മുൻ പഞ്ചായത്ത് വകുപ്പിൽ പ്യൂൺ തസ്തികയിൽ 14.03.2001 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.പ്രസീത പി ടി ക്ലർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് 29.08.2016-ൽ ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ടിയാളുടെ ക്ലർക്ക് തസ്തികയിലെ നിയമനം പരാമർശം (1) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാൾ നിരീക്ഷണകാലയളവിനുള്ളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ വകുപ്പുതല പരീക്ഷ വിജയിക്കാത്തതിനാൽ , 30.08.2018 മുതൽ ഒരു വർഷത്തേക്ക് നിരീക്ഷണ കാലയളവ് പരാമർശം (2) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ട്. ശ്രീമതി. പ്രസീത പി ടി- യുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാളുടെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും വടവുകോട്-പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൾ 03.05.2024 തീയതിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷ വിജയിച്ചിട്ടുണ്ടെന്ന് പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് എറണാകുളം ജില്ലയിലെ വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി. പ്രസീത പി ടി -യുടെ

പ്രൊബേഷൻ 04.05.2024 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 30.08.2019 മുതൽ 05.05.2024വരെ വരെ ദീർഘിപ്പിച്ച് ഉത്തരവാകാവുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ . തദ്ദേശസ്വയംഭരണവകുപ്പ്.തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , എറണാകുളം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീമതി.പ്രസീത പി ടി , ക്ലർക്ക് , വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.154/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 22-09-2025 11:17:52